(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ .കെ.കെ.ഡി പി11/1565/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്,
ഫോൺ-04952371012
Email:- dokkd.ksad.kerala.gov.in

തിയതി:10-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെക്യാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ചെക്യാട് ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ .കെ.കെ.ഡി പി11/1565/2017 തിയ്യതി:10-08-2017

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സി രാജൻ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-7-2017 മുതൽ 19-7-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സതീഷ്കുമാർ കെ, ഓഡിറ്റ്ഓഫീസർ |
| | ശ്രീ. രാജീവൻ എൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | ശ്രീ.ജാസിർ സി.എം, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സി കെ ജമീല | 01.04..2016.മുതൽ 07.07.2016 വരെ |
| | സഫിയ ചിറക്കോത്ത് | 08.07.2016 മുതൽ 26.07.2016 വരെ |
| | തൊടുവയിൽ മുഹമ്മദ് | 27.07.2016മുതൽ31.03.2017 വരെ |
| സെക്രട്ടറി | ആർ എം ലക്ഷ്മണൻ | 01.04.2016 മുതൽ .31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റൻറ് സെക്രട്ടറി | കെ മധുമോഹനൻ | 01.04.2016 മുതൽ 24.12.2016 വരെ |
| | ബൈജു പുത്തലത്തോടി | 17.01.2017 മുതൽ 13.02.2017 വരെ |
| | മമ്മദ് അബ്ദുൾ ലത്തീഫ് | 25.02.2017 മുതൽ31.03.2017 വരെ |
| ഐ സി ഡിഎസ്<br>സൂപ്പർവൈസർ | ഷീന പി വി | 01.04..2016.മുതൽ31.03.2017വരെ |
| കൃഷി ഓഫീസർ | നയന കെ | 01.04..2016.മുതൽ 14.06.2016 വരെ |
| | രതീഷ് പി ആർ | 14.06.2016.മുതൽ 10.08.2016 വരെ |
| | ജിജു ജെ കെ കെ | 10.08.2016.മുതൽ 1.12.2016 |
| | അമിദ സഫരിയ | 01.12.2016.മുതൽ 28.02.2017 വരെ |
| | ജിജു ജെ കെ കെ | 06.03.2017 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.അനീഷ് കെ പി | 01.04..2016.മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ. ടി പി ലിസാജ് | 01.04..2016.മുതൽ 07.07.2016 വരെ |
| | ഡോ.ബിജിനേഷ് | 08.07.2016.മുതൽ 27.09.2016 വരെ |
| | ഡോ.അഖിൽരാജ് എൻ പി | 28.09.2016.മുതൽ 31.03.2017 വരെ |
| അസി എഞ്ചിനീയർ | ഒസീല ബീവി ഇ | 01.04..2016.മുതൽ 07.07.2017 വരെ |
| | മനു മോഹൻ | 08.07.2016മുതൽ 31.03.2017 വരെ |
| വി ഇ ഒ | ബജീഷ് കെ | 01.04.2016.മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | പി.പി രാജൻ | 01.04.2016.മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതുഅവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | ആവശ്യമായ രേഖകൾ ഹാജരാക്കാതെ ലൈസൻസ് അനുവദിക്കുന്നു. | 2-2 |
| | ഭാഗം 3 | |
| 13 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച | 3-1 |
| 14 | മരാമത്ത് പ്രവൃത്തികളിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ് | 3-2 |
| 15 | ഔദ്യോഗിക വാഹനം കൈകാര്യം ചെയ്യുന്നതിൽ അപാകം | 3-3 |
| 16 | ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ – സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-4 |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-5 |
| 18 | ഇടവിള കൃഷി- നിർവ്വഹണത്തിലെ അപാകതകൾ | 3-6 |
| 19 | ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല | 3-7 |
| 20 | പമ്പ് സെറ്റ് വിതരണം- പദ്ധതി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധം | 3-8 |
| 21 | സ്ട്രീറ്റ് ലൈറ്റ് – സംയുക്ത പരിശോധന നടത്തിയില്ല. | 3-9 |
| 22 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 3-10 |

| | ഭാഗം -4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
|---|---|---|
| 23 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17വർഷത്തെ പുതുക്കിയ ബജറ്റ് 20.03.2017 തിയതിയിലെ 45/2017 തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 7-7-2017 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 19-7-2017 | അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 11473563

വരവ് - 40414108

ആകെ - 51887671

ചെലവ് - 36745850

നീക്കിയിരിപ്പ്- 15141821

### 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11737186 | 11737186 | 7848611 | 3888575 | 66.86 |
| വികസനഫണ്ട് എസ്.സി.പി. | 0 | 804324 | 804324 | 445000 | 359324 | 55.32 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 526665 | 526665 | 219525 | 307140 | 41.68 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14601060 | 14601060 | 7168119 | 7432941 | 49.09 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5536445 | 5536445 | 1705453 | 3830992 | 30.8 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7119971 | 7119971 | 4383158 | 2736813 | 61.56 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2935286 | 2935286 | 67500 | 2867786 | 2.29 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1202.43 | 35427179 | 35428381.43 | 35427300 | 1081.43 | 100 |
| ബി ഫണ്ട് | | 24270355 | 24270355 | 24270355 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 52504770 | 79 | 122851841 | 9 | 50 | 57.24 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8.79%ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2961555 | 3237556 | 276001 | +9.32 |
| നികുതിയേതര വരവുകൾ | 824018 | 799826 | 24192 | -2.94 |
| മറ്റുവരവുകൾ | 66690861 | 7359949 | 669088 | +10.00 |
| ആകെ | 10476434 | 11397331 | 920897 | +8.79 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 174480 | 102 |
| കർഷകതൊഴിലാളി പെൻഷൻ | 4431120 | 491 |
| വിധവാപെൻഷൻ | 6614490 | 643 |
| വാർദ്ധക്യകാലപെൻഷൻ | 10593325 | 1143 |
| വികലാംഗപെൻഷൻ | 2262480 | 225 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 104460 | 11 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2017ന് കാലത്ത് 11 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പായ21079/-രൂപയുടെ (ഇരുപത്തി ഒന്നായിരത്തി എഴുപത്തി ഒൻപത് ) കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.02.17 മുതൽ 16.02.17വരെ | 01.01.17 മുതൽ 31.01.17 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2013 മുതൽ 17.08.2013 വരെ | 2008-09 മുതൽ 2012-13 വരെ | LBA(HQ)111/8A-2000/2013-14<br>തിയ്യതി 10.10.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ ചുവടെചേർക്കുന്നു

1. കെട്ടിട നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ,പലവക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയുമായി കണക്കുകൾ ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ഈടാക്കുന്ന വാറ്റ്,ആദായ നികുതി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഇ.എഫ്.എം.എസ് ചെയ്ത തുക 37517000/- രൂപയാണ് എന്നാൽ വാർഷിക കണക്കിൽ ഇത് 35427179/- രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 2-2 ആവശ്യമായ രേഖകൾ ഹാജരാക്കാതെ ലൈസൻസ് അനുവദിക്കുന്നു

മലിനീകരണം ഉണ്ടാക്കുവാൻ സാദ്ധ്യതയുള്ള എല്ലാ വ്യവസായങ്ങൾക്കും/സ്ഥാപനങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡോ അല്ലെങ്കിൽ സർക്കാരിന്റെ വ്യവസായ വകുപ്പോ മലിനീകരണം ഉണ്ടാകുന്നതല്ലെന്ന് നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് അനുമതി നൽകാവുന്നതാണ്. കേ.പ.രാ ആക്ട് സെക്ഷൻ 233 ബി (എച്ച്) പ്രകാരം മലിനീകരണമുണ്ടാക്കാത്ത ഒരു വ്യവസായമായി സർക്കാരിന്റെ വ്യവസായ വകുപ്പോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും 5 എച്ച് പി യിൽ കുറവ് ശേഷിയുള്ളതുമായ യന്ത്രങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിക്ക് അനുവാദം നൽകാവുന്നതാണ്.എന്നാൽ ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്/ വ്യവസായ വകുപ്പ് എന്നിവയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നം | ലൈസൻസ് അപേക്ഷ നം | അപേക്ഷകന്റെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 45 | തങ്കമണി. സി കെ | ഫ്ലോർ മിൽ 15 HP മോട്ടോർ |
| 2 | 113 | അബ്ദുൾ സത്താർ അരയാമ്മൽ | ഫ്ലോർ മിൽ 15 HP മോട്ടോർ |
| 3 | 124 | ഗംഗാധരൻ പി പുറംഭാഗത്ത് | വെൽഡിങ്ങ് ഷോപ്പ്<br>7 HP മോട്ടോർ |
| 4 | 125 | അനിൽകുമാർ എൻ കെ | വെൽഡിങ്ങ് ഷോപ്പ്<br>7 HP മോട്ടോർ |
| 5 | 126 | അനിൽകുമാർ എൻ കെ | വെൽഡിങ്ങ് ഷോപ്പ്<br>7 HP മോട്ടോർ |
| 6 | 134 | ജംഷിയ ഹമീദ് | മെഡിക്കൽ ലബോറട്ടറി |

| | | | |
|---|---|---|---|
| 7 | 157 | ചന്ദ്രൻ പി മാണിക്കോത്ത് | വെൽഡിങ്ങ് ഷോപ്പ്<br>10 HP മോട്ടോർ |
| 8 | 161 | അനിൽകുമാർ എൻ കെ | വെൽഡിങ്ങ് ഷോപ്പ്<br>7 HP മോട്ടോർ |
| 9 | 162 | അനിൽകുമാർ എൻ കെ | വെൽഡിങ്ങ് ഷോപ്പ്<br>10 HP മോട്ടോർ |
| 10 | 163 | ഗംഗാധരൻ പി പുറംഭാഗത്ത് | വെൽഡിങ്ങ് ഷോപ്പ്<br>7 HP മോട്ടോർ |
| 11 | 169 | വി പി അസ്സൻ വെളുത്തപറമ്പത്ത് | ഫ്ലോർ മിൽ 15 HP മോട്ടോർ |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 138പ്രോജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയുടെ 43.52 % മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്.ഇതു മൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച / വിഭാവനം ചെയ്ത 2.96 കോടി രൂപ വിനിയോഗിക്കാൻ കഴിയാതെ വന്നു.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ട് ഇനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് | 11737186 | 7848611 | 67 |
| 2 | പ്ലാൻ ഫണ്ട് SCP | 804324 | 445000 | 55 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7119971 | 4383158 | 62 |
| 4 | ലോക ബാങ്ക് ധനസഹായം | 2935286 | 67500 | 2 |
| 5 | പ്ലാൻ ഫണ്ട് TSP | 526665 | 219525 | 42 |
| 6 | കേന്ദ്ര ധനസഹായം | 2200000 | 395858 | 18 |
| 7 | സംസ്ഥാന ധനസഹായം | 1721800 | 8750 | 1 |
| 8 | മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | 5536445 | 1705453 | 31 |
| 9 | മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 14601060 | 7168119 | 49 |
| 10 | തനത് ഫണ്ട് | 805063 | 337568 | 42 |
| 11 | ബ്ലോക്ക് വിഹിതം | 40000 | 0 | 0 |
| 12 | ജില്ലാ പഞ്ചായത്ത് വിഹിതം | 1340000 | 0 | 0 |
| 13 | മറ്റുള്ളവ | 3136970 | 272299 | 9 |
| ആകെ | | 52504770 | 22851841 | 43.52 |

അംഗീകാരം വാങ്ങിയ പ്രോജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ് ചെലവ് കുറയുന്നതിനുണ്ടായ പ്രധാന കാരണം.എ.ഇ/വി.ഇ.ഒ/അസി.സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിലുണ്ടായ കുറവ് ഇതിന് കാരണമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | മേഖല | പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹണംനടത്തിയ പ്രോജക്ടുകളുടെഎണ്ണം | വകയിരുത്തിയതുക | ചെലവഴിച്ചതുക | ചെലവ് % |
|---|---|---|---|---|---|---|---|
| 1 | എ.ഇ | പൊതുമരാമത്ത് | 84 | 33 | 36489450 | 12578966 | 34 |
| 2 | എ.ഇ | കുടിവെള്ളം/ശുചിത്വം /മാലിന്യപരിപാലനം | 2 | 1 | 987500 | 244163 | 25 |
| 3 | അസി.സെക്രട്ടറി | എസ്.സി/എസ്.ടി. വികസനം | 10 | 6 | 1588000 | 827500 | 52 |
| 4 | വി.ഇ.ഒ | ദാരിദ്ര്യ ലഘൂകരണം | 6 | 2 | 5048800 | 2017700 | 40 |

`മേൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിലുണ്ടായ വീഴ്ചക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികളിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ്.

നിർവ്വഹണം :അസി എഞ്ചിനീയർ

2016-17 വർഷത്തിൽ പൂർത്തികരിച്ച് അവസാന ബിൽ നൽകിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ 4% നിരക്കിലാണ് നികുതി ഈടാക്കിയത്. നികുതി കോമ്പൗണ്ട് ചെയ്യതിന് വിൽപ്പന നികുതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം കരാറുകാരൻ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% നിരക്കിലാണ് വാറ്റ് ഈടാക്കേണ്ടിയിരുന്നത്.

വാറ്റ് ഈടാക്കിയതിൽ കുറവ് വന്നതിനാൽ 48024/- രൂപയുടെ നഷ്ടം സർക്കാരിന് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം | കരാറുകാരൻ | പ്രവൃത്തി മൂല്യം | ഈടാക്കിയ തുക | 1% നിരക്കിൽ കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | 9 | ഹമീദ് കെ | 281402 | 11256 | 2814 |
| 2 | 103 | ഹമീദ് കെ | 489667 | 19587 | 4896 |
| 3 | 83 | ഹമീദ് കെ | 369578 | 14783 | 3695 |
| 4 | 82 | ഹമീദ് കെ | 474968 | 18999 | 4749 |
| 5 | 87 | ഹമീദ് കെ | 298118 | 11925 | 2981 |
| 6 | 92 | ഹമീദ് കെ | 493516 | 19741 | 4935 |
| 7 | 93 | ഹമീദ് കെ | 348558 | 13942 | 3485 |
| 8 | 17 | ഹമീദ് കെ | 523411 | 20936 | 5234 |
| 9 | 80 | ഹമീദ് കെ | 494659 | 19786 | 4946 |
| 10 | 25 | മൊയ്തീൻ കോയ | 1234739 | 51447 | 10289 |
| ആകെ തുക | | | | | 48024/- |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്.

## 3-3 ഔദ്യോഗിക വാഹനം കൈകാര്യം ചെയ്യുന്നതിൽ അപാകം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, വാഹനവുമായി ബന്ധപ്പെട്ട് രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തുടങ്ങിയവയെക്കുറിച്ച് ജി.ഒ (എം.എസ്) 170/07/തസ്വഭവ/30.06.2007 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം (കെ എൽ 18 ഇ-3532 നമ്പർ മഹീന്ദ്ര ജീപ്പ് ) കൈകാര്യം ചെയ്യുന്നതിലും ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിലും താഴെപറയുന്ന അപാകതകൾ കാണുന്നു.

1. വാഹനത്തിന്റെ റിപ്പയറിങ്ങിനായി തുക ചെലവഴിക്കുന്നുണ്ടെങ്കിലും വാഹനത്തിന്റെ റിപ്പയർ രജിസ്റ്ററോ സ്റ്റോക്ക് രജിസ്റ്ററോ സൂക്ഷിക്കുന്നില്ല .
2. ആറുമാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെക്കൊണ്ട് ലോഗ് ബുക്കിൽ രേഖപ്പെടുത്തി വാങ്ങിക്കേണ്ടതാണെങ്കിലും ആയത് ചെയ്യുന്നില്ല.
3. ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. സെക്രട്ടറിയുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുടെയോ സാന്നിദ്ധ്യത്തിൽ ആയിരിക്കണം വാഹനത്തിൽ ഇന്ധനം നിറയ്ക്കേണ്ടത് എന്നും വാഹനടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കേണ്ടതാണ് എന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഒരിക്കൽ പോലും ഇന്ധനം നിറയ്ക്കുന്നതിന് സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ മേൽനോട്ടം വഹിച്ചിട്ടില്ല. ഇതു മൂലം ഈ ഇനത്തിൽ പഞ്ചായത്തിന് ചെലവായ മുഴുവൻ തുകയ്ക്കുമുള്ള ഇന്ധനം യഥാർത്ഥത്തിൽ വാഹനത്തിൽ നിറച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ പറ്റുന്നില്ല.

   അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

ഓഡിറ്റ് വർഷം കൃഷി ഓഫീസർ, വെറ്റിനറിസർജൻ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യറാക്കിയത് സർക്കാർ നിർദ്ദേശം പാലിക്കാതെയാണ്. ഓഡിറ്റ് വർഷത്തേക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് ബോർഡ് അംഗീകരിക്കുന്നത് 21.11.2016 തിയ്യതിയിലെ 112/16-17(1),(6) നമ്പർ തീരുമാനപ്രകാരമാണ്. ഈ ലിസ്റ്റിൽ

ഗ്രാമപഞ്ചായത്തിലെ പതിനഞ്ച് വാർഡുകളിലെയും ഗ്രാമ സഭാ ലിസിറ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ ഉൾപ്പെടുത്തുകയാണ് ചെയ്തത് ഇത് ശരിയായ നടപടിയല്ല.ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്കുവേണ്ടി തരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ സംഗതിയിൽ ഒരു പ്രത്യേക പദ്ധതിയിലേക്ക് ഓരോ വാർഡിനും വേണ്ട മുൻഗണനാ ലിസ്റ്റ് ഗ്രാമ സഭ തയ്യാറാക്കുകയും, അർഹതയും മുൻഗണനാക്രമത്തിലുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കുകയാണ് വേണ്ടത് വാർഡു തലത്തിൽ ടാർജറ്റ് ഉണ്ടാക്കാൻ പാടില്ല.ഓരോ വർഡിലും മുൻഗണനാക്രമ ലിസ്റ്റിനോടൊപ്പം പരിശോധന പൂർത്തിയാക്കിയതിന് ശേഷം മുൻഗണനാ ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രാമ പഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഇത് ഗ്രാമ പഞ്ചായത്ത് യോഗത്തിലാണ് തയ്യാറാക്കേണ്ടത് (ജി.ഒ (പി)220/97/തഭവ തി.2.10.97ജി.ഒ (പി)181/98/തസ്വഭവ 2.9.98 എന്നിവ കാണുക)എന്നാൽ ഈ ഉത്തരവുകൾക്ക് വിരുദ്ധമായാണ് ഗ്രാമ പഞ്ചായത്ത് ഗുണഭോക്തൃ ലിസ്റ്റുകൾ ഉണ്ടാക്കിയിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം 8/16-17/15.7.17 ന് മറുപടി നൽകിയിട്ടില്ല അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പദ്ധതികളിൽ ഭവന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.എന്നാൽ ഇതിനുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക്ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം | 7/16-17 |
| അടങ്കൽ | 175000/- |
| ഫണ്ട് | വികസനം(s.c.p) |
| ചെലവ് | 175000/- |
| ബിൽനം, തി. | 1/16-17 / 17.11.16 |

ഐ.എ.വൈ പദ്ധതിയിലെ 7ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകി.

2.

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം | 178/16-17 |
| അടങ്കൽ | 32500/- |
| ഫണ്ട് | വികസനം(t.s.p) |
| ചെലവ് | 32500/- |
| ബിൽനം, തി. | 3/16-17 / 23.03.17 |

പി.എം.എ.വൈ പദ്ധതിയിലെ ഒരു ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകി.

3.

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം | 179/16-17 |
| അടങ്കൽ | 50000/- |
| ഫണ്ട് | വികസനം(t.s.p) |
| ചെലവ് | 50000/- |
| ബിൽനം, തി. | 5/16-17 / 23.03.17/7835/-<br>4/16-17/23.03.17/42165/- |

ഐ.എ.വൈ പദ്ധതിയിലെ 4ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് വിഹിതംനൽകി.മേൽതുകകൾക്കുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ചെലവ് തുക 257500/-തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 ഇടവിള കൃഷി - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നം | 155/16-17 |
| അടങ്കൽ | 500000/- |
| ഫണ്ട് | വികസനം/ഉ.വിഹിതം |
| ചെലവ് | 457500/- |
| ബിൽനം, തി/ തുക | 4/16-17/ 29.03.17/343125/- |

ഗുണഭോക്താക്കൾക്ക് ഇടവിളകൃഷി പ്രോൽസാഹനത്തിന് ചേമ്പ്,ചേന,മഞ്ഞൾ,ഇഞ്ചി എന്നിവ നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്.പ്രോജക്ടിൽ മേൽ സാധനങ്ങൾ വാങ്ങേണ്ടത് വി.എഫ്.പി.സി.കെ/ കെയ്കോ/ റെയ്ഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സാധനങ്ങൾ വാങ്ങിയത് അമൃത നഴ്സറി വള്ളൂർ എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ്. പ്രോജക്ട് നിർദ്ദേശം മറികടന്ന് പദ്ധതി നടപ്പാക്കിയതിന് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം11/16-17/18.7.17) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 3-7 ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികളിലെ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. സ.ഉ (എം.എസ്) നം 4/2016 തസ്വഭവ തി.11.01.2016 പ്രകാരമുള്ള പദ്ധതിമാർഗ്ഗരേഖ അനുബന്ധം 15ഖ.7-18 (x) ൽ അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ല. അങ്ങനെ ചെയ്യാത്തപക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ പാടില്ല. അങ്ങനെ ചെയ്താൽ അതിന്റെ ബാധ്യത തുക നൽകിയ ഉദ്യോഗസ്ഥനായിരിക്കും എന്ന് പരാമർശിക്കുന്നുണ്ട്.എന്നാൽ ഓഡിറ്റ് തിയ്യതിവരെയും ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/16-17/18.7.17)മറുപടി നൽകിയിട്ടില്ല.

## 3-8 പമ്പ്സെറ്റ് വിതരണം - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 161/16-17 |
| അടങ്കൽ | 212500/- |
| ഫണ്ട് | വികസനം,ഉ.വി |
| ചെലവ് | 94637/- |
| ബിൽനം, തി. | 5/16-17 / 29.03.17 |

കർഷകർക്ക് പമ്പ്സെറ്റ് വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. പമ്പ്സെറ്റിന്റെ വിലയുടെ 50% അല്ലെങ്കിൽ പരമാവധി 5000/-രൂപ എന്ന നിരക്കിലാണ് ധനസഹായം നൽകിയത്. 20 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യംനൽകിയത്. സ.ഉ.(എം.എസ്)നം4/2016തസ്വഭവ തി.11.1.16പ്രകാരമുള്ള പദ്ധതിമാർഗ്ഗരേഖയിൽ പമ്പ്സെറ്റ് വാങ്ങുന്നതിന് സബ്സിഡി എന്ന ഇനം ഉൾപ്പെടുത്തിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പദ്ധതികൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം13/16-17 /18.7.17)മറുപടിനൽകിയിട്ടില്ല.ചെലവ് തുക 94637/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-9 സ്ട്രീറ്റ് ലൈറ്റ് - സംയുക്ത പരിശോധന നടത്തിയില്ല

ഓഡിറ്റ് വർഷം സ്ട്രീറ്റ് ലൈറ്റ് ഇനത്തിൽ ആകെ320404/-രൂപ കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്തിൽ എത്ര സ്ട്രീറ്റ് ലൈറ്റുകളുണ്ടെന്നത് പരിശോധിക്കുന്നതിന് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.തെരുവ് വിളക്ക് രജിസ്റ്ററിൽ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം,ഇനം എന്നീ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.സംയുക്ത പരിശോധന നടത്താതെ സ്ട്രീറ്റ് ലൈറ്റ് ചാർജ് അടയ്ക്കുന്നത് ശരിയായ നടപടിയല്ല.സംയുക്ത പരിശോധന നടത്തുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-10 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

നിർവ്വഹണം മെഡി.ഓഫീസർ (പി.എച്ച്.സി)

പ്രോജക്ട് നം 134/16-17

അടങ്കൽ 450000/-

ഫണ്ട് എം.ജി (എൻ.ആർ)

ചെലവ് 100000/-

ബിൽനം.തി. 4/16-17/ 27.01.2017

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ.ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് മേൽ സൂചിപ്പിച്ച തുക നൽകിയിട്ടുണ്ട്. ഡി.ഡി.നം.655808/27.01.2017) എന്നാൽ ഓഡിറ്റ് തിയ്യതിവരെയും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ് ഇ ബി | തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൽ സ്ഥാപിക്കൽ | 1)21600870 തിയ്യതി-28.03.2017<br>2)21600869 തിയ്യതി-28.03.2017 | 954030 | 954030 | 0 |
| കെഎസ് ഇ ബി | വിവിധ റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21600759<br>തിയ്യതി 07.03.2017 | 492715 | 492715 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1693/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-6 | 54/- | ശ്രീ. മോഹൻദാസ് കെ കൃഷി ഓഫീസർ | 11601105397 /31.01.2017 |
| | 2-3<br>2-4<br>2-4 | 189/-<br>100/-<br>100/- | ശ്രീ ആർ എം ലക്ഷമണൻ സെക്രട്ടറി | 11601105901/22.03.2017<br>11601105899/22.03.2017<br>11601105900/22.03.2017 |
| 2014-15 | 2-2 | 1250/- | സ്ഥാപന തൊഴിൽ നികുതി | 11601500008/07.09.2016 |

| | | | | |
|---|---|---|---|---|
| | | | SBI പാറക്കടവ് | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | രേഖപ്പെടുത്തിയിട്ടില്ല. | 2001-02 | 11 | ഉമ്മത്തൂർ ജലസേചന പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് 2006-08(11)ഖണ്ഡിക 130,131 പ്രകാരം സമയ ബന്ധിതമായി തീർപ്പാക്കുന്നതിനും ഇപ്പോ ഴത്തെ അവസ്ഥ അറിയിക്കുന്നതിനും ആവശ്യപ്പെട്ടു |
| 2000-01 | രേഖപ്പെടുത്തിയിട്ടില്ല. | 2004-05 | പൊതു പരാമർശം 3-48 | നികുതി പിരിവിൽ അലംഭാവം | ലഭ്യമല്ല |
| 2001-02 | രേഖപ്പെടുത്തിയിട്ടില്ല. | 2003-04 | പൊതു പരാമർശം | മരാമത്ത് പ്രവൃത്തിക്ക് മുൻകൂർ നൽകി | ലഭ്യമല്ല |
| രേഖപ്പെടുത്തിയിട്ടില്ല. | 1-5 | 2004-05 | പൊതു പരാമർശം 2-9 | ബജറ്റ്അംഗീകരിച്ചില്ല | ലഭ്യമല്ല |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51887671/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36745850/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 94637/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 257500/- |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 94367/- | ജിജ്ഞ ജെ കെ കെ-കൃഷി ഓഫീസർ ചെക്യാട് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 257500/- | മമ്മദ് അബ്ദുൾ ലത്തീഫ് അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | കേന്ദ്രം/സംസ്ഥാനം | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | 48024/- | സംസ്ഥാനം | മനമോഹൻ<br>അസി.എഞ്ചിനീയർ<br>ചെക്യാട് ഗ്രാമപഞ്ചായത്ത് |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജിജ്ഞ ജെ കെ കെ-കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>വാണിമേൽ ഗ്രാമപഞ്ചായത്ത്<br>കോടിയൂറ പി ഒ | ശ്രീപാടി വീട്<br>കീഴരിയൂർ പി ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എസ് 2/1135/99 തി.08.11.99 | 6 | |
| 1998-99 | എൽ.എഫ്.എസ് 2/377/01 തി.08.11.99 | 11 | |
| 1999-00 | എൽ.എഫ്.എസ് 2/1606/01 തി 07.06.02 | 3 | |
| 2000-01 | എൽ.എഫ്.എസ് 1/1102/03 തി.4.12.03 | 19 | |
| 2000-01 | എൽ.എഫ്.പി 2/4047/05 തി 07.09.04 | | |
| 2001-02 | എൽ.എഫ്.പി 2 /117/05 തി 06.08.15 | 6 | |
| 2002-03 | എൽ.എഫ്.എസ് 1/1017/06 തി.04.11.06 | 5 | |
| 2003-04 | എൽ.എഫ്.കെകെഡി എസ്.1/708/07തി.5.10.07 | 15 | |
| 2004-05 | എൽ.എഫ്.കെകെഡി പി5/1336/09 തി 5.10.09 | 3 | |
| 2005-06 | എൽ.എഫ്.കെകെഡി പി5/1338/09 തി 05.10.09 | 5 | |
| 2006-07 | എൽ.എഫ്.കെകെഡി പി5/1339/09 തി.5.10.09 | 2 | |
| 2007-08 | എൽ.എഫ്.കെകെഡി എസ് 1/141/10 തി.9.05.10 | 17 | |
| 2008-09 | എൽ.എഫ്.കെകെഡി പി11/230/12 തി 24.08.12 | 24 | |
| 2009-10 | എൽ.എഫ്.കെകെഡി പി11/1407/12 തി 24.8.12 | 38 | |
| 2010-11<br>2011-12 | എൽ.എഫ്.കെകെഡി പി11/77/13/18.07.13 | 18 | |
| 2012-13 | എൽ.എഫ്.കെകെഡി പി11/1447/12 തി. 7.01.2016 | 9 | |
| 2013-14<br>2014-2015 | എൽ.എഫ്.കെകെഡി പി11/1276/16 തി.20.07.2016 | 18 | |
| 2015-16 | കെ.എസ്.എ.കെകെഡിപി11/2137/2016<br>തി 17.12.2016 | 29 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി പി11/1565/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 10-8-2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിൻെറ 2016–17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P11/1565/2017

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in

Date: 10-8-2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chekkiyad Grama Panchayat in Kozhikode District for

the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chekkiyad Gramapanchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

DISTRICT AUDIT OFFICE, KOZHIKODE.